(ബി) എങ്കിൽ നിർമ്മാണത്തിനാവശ്യമായ ഫണ്ട് ഏത് ഏജൻസിയിൽ നിന്നാണ് ലഭിക്കുന്നതെന്നും അത് എത്ര രൂപയാണെന്നും വ്യക്തമാക്കാമോ;

(സി) ഈ റോഡിന്റെ നിർമ്മാണം എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആൻറ് സി) നബാർഡിൽനിന്നും ധനസഹായം ലഭ്യമാക്കുവാനാണ് ശ്രമിച്ചുവരുന്നത്. 200 ലക്ഷം രൂപയുടെ എസ്റ്റിമേറും പ്രോജക്ട് റിപ്പോർട്ടും RIDF X-ൽ ഉൾപ്പെടുത്തി നബാർഡിലേക്കു സമർപ്പിച്ചിട്ടുണ്ട്. ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി നടപടിക്രമങ്ങൾ പൂർത്തിയാക്കി പണി ആരംഭിക്കുന്നതാണ്.

അരീക്കോട് ബൈപ്പാസ് റോഡ് നിർമ്മാണം

170 [1521] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ അരീക്കോട് ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആൻറ് സി) സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തിക്കുള്ള 1183 ലക്ഷം രൂപയുടെ റഫ്കോസ്റ്റ് എസ്റ്റിമേറ് തയ്യാറാക്കി പരിശോധിച്ചു വരുന്നു.

കടപ്രവീയപുരം-ഹരിപ്പാട് ലിങ്ക് ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

171 [1522] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്:
,, ജോസഫ് എം. പുതുശ്ശേരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടപ്രവീയപുരം-ഹരിപ്പാട് ലിങ്ക് ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ദീർഘകാലമായി ഈ റോഡിന്റെ പണികൾ മുടങ്ങുവാനുണ്ടായ സാഹചര്യമെന്താണെന്ന് വിശദമാക്കാമോ;

(സി) ഈ ജോലികൾ അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കഴിഞ്ഞ 15 മാസമായി ഈ റോഡിന്റെ പണിയുടെ ഒന്നാം ഘട്ട മെറ്റലിംഗ് മാത്രം ചെയ്ത അവസ്ഥയിൽ തുടരുകയാണ്. ഈ വർക്ക് പൂർത്തിയാക്കാൻ 4.86 ആർ-ഉം 15.556 ആർ-ഉം വീതം വിസ്തീർണ്ണം ഉള്ളതും, റീസർവ്വെ പ്രകാരം പുറംപോക്കിൽപ്പെട്ടതുമായ രണ്ടു വസ്തുക്കൾ കൂടി റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്നും വിട്ടുകിട്ടേണ്ടതായിട്ടുണ്ട്.

(ബി) റോഡിന്റെ അലൈൻമെന്റിനെ ചൊല്ലി വസ്തു ഉടമകളുമായി ഉണ്ടായ തർക്കവും അതുമൂലമുണ്ടായ കേസ്സുകളും, അലൈൻമെന്റിൽ പിന്നീടുണ്ടാക്കിയ മാറ്റവും കോൺട്രാക്ടറുടെ ഭാഗത്തുനിന്നുണ്ടായ അലംഭാവവും മൂലമാണ് പ്രസ്തുത വർക്ക് നീണ്ടുപോകാൻ കാരണം.

(സി) ഇനി ബാക്കിയുള്ള ജോലികൾ പൂർത്തിയാക്കുന്നതിനു വേണ്ടി കോൺട്രാക്ടർക്ക് ഫൈനൽ നോട്ടീസ് കൊടുത്തിട്ടുണ്ട്.

മാക്കുനി മുതൽ ചമ്പാട് വരെയുള്ള റോഡ് പുനരുദ്ധാരണ പ്രവൃത്തി

172 [1523] ശ്രീ. കെ.പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തിരുവങ്ങാട്-മീത്തലെ-ചമ്പാട് റോഡിൽ മാക്കുനി മുതൽ ചമ്പാട് വരെയുള്ള റോഡ് പുനരുദ്ധാരണ പ്രവൃത്തി നടപടികൾ എന്തൊക്കെയായി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് പ്രവൃത്തി തുടങ്ങാൻ വൈകുന്നതിന്റെ കാരണങ്ങൾ വിശദീകരിക്കാമോ;

(സി) പ്രവൃത്തി എന്ന് തുടങ്ങുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ തിരുവങ്ങാട്-മീത്തലെ-ചമ്പാട് റോഡിൽ മാക്കുനി മുതൽ ചമ്പാട് വരെയുള്ള ഭാഗം (കി.മീ.6/126 മുതൽ 7/126 വരെ) പുനരുദ്ധാരണം നടത്തുന്നതിന് സർക്കാർ ഉത്തരവ് സാധാരണ നമ്പർ 1159/04/പൊ.മ.വ. തീയതി 20-11-2004 പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 67.5 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റും തയാറാക്കിയിട്ടുണ്ട്.

(ബി ആൻറ് സി) റോഡ് വീതി കൂട്ടി പരിഷ്കരിക്കുന്നതിന് സ്വകാര്യ വ്യക്തികളിൽ നിന്നും ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കാനുള്ള നിർദ്ദേശം സമർപ്പിക്കുന്നതിന് ആവശ്യമായ സർവ്വേ മാപ്പ് ബന്ധപ്പെട്ട തഹസിൽദാരിൽനിന്നും ലഭിക്കുന്നതിനുവേണ്ടി കണ്ണൂർ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഭൂമി ഏറ്റെടുത്ത് കൈമാറി കിട്ടിയാൽ മാത്രമേ പ്രവൃത്തി തുടങ്ങാൻ സാധിക്കുകയുള്ളൂ.

കൽക്കുന്നൽ-പെരിഞ്ഞാംകുട്ടി റോഡിന്റെ നിർമ്മാണം

173 [1524] ശ്രീ. കെ.കെ. ജയചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly